<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** — **29-01-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) ഉൾപ്പെട്ട ഏതുരോഗികളുടെ വിവരങ്ങൾ ഉപയോഗിച്ചുള്ള റിസർച്ച് അഥവാ മറ്റു വിവര ശേഖരണം ഇപ്പോൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നേടിയ രോഗികളുടെ ചികിത്സാ സമയത്തെ ആശുപത്രിയിലെ അനുഭവങ്ങൾ, തുടർ ചികിത്സ തേടുന്ന വിവരങ്ങൾ, ചികിത്സയ്ക്ക് ശേഷമുള്ള അവരുടെ ആരോഗ്യ അവസ്ഥ എന്നീ കാര്യങ്ങൾ വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വിവരശേഖരണം നടത്താറുണ്ട്. രോഗികൾക്ക് തുടർന്നും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ ചെയ്യുന്ന പ്രവർത്തിയാണ് ഇത്. ഗുണഭോക്താക്കൾക്ക് ലഭിച്ച ചികിത്സയുടെ ഗുണനിലവാരം, എംപാനൽ ചെയ്ത ആശുപത്രികളിലെ പരിചരണത്തിന്റെ ഗുണനിലവാരം തുടങ്ങിയവ ഉറപ്പാക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശം. ഇതൊരു പതിവ് പ്രവർത്തനം ആയതിനാൽ പ്രസ്തുത ഉദ്യമനത്തിനായി പ്രത്യേക എത്തിക്കൽ കമ്മിറ്റി അനുമതി തേടിയിട്ടില്ല. എന്നാൽ ഇതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.<br><br>ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മൂന്നാംകക്ഷികൾക്ക് ലഭ്യമാക്കാറില്ല. ഇൻഷുറൻസ് വിവരങ്ങൾ ഉപയോഗിക്കുന്ന വിദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ ജോലി ചെയ്യുവാൻ അനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത ആരോഗ്യ ഇൻഷുറൻസ് സംബന്ധിച്ച വിവരങ്ങൾ ഉപയോഗിക്കാൻ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ എത്തിക്കൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| (സി) | പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ചുള്ള | (സി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | പഠനങ്ങളിൽ,വിദേശ ഏജൻസികളിലെ ജീവനക്കാർക്ക് , സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജീവനക്കാർ നേരിട്ടോ ഇ മെയിൽ മുഖേനയോ വിവരങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ആയതിന് ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാമോ; | | |
| (ഡി) | ഇൻഷുറൻസ് വിവരങ്ങൾ ഉപയോഗിക്കുന്ന വിദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ വന്ന് ജോലി ചെയ്യാൻ എക്സിക്യൂട്ടീവ് ഡയറക്ടർ അനുമതി കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ